ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മറ്റ് ദേവസ്വം ബോർഡുകളിൽ നിന്ന് വ്യത്യസ്തമായി മലബാർ ദേവസ്വം ബോർഡ് നേരിട്ട് ക്ഷേത്രജീവനക്കാരെ നിയമിക്കുകയോ അവർക്ക് ദേവസ്വം ബോർഡിൽനിന്നും നേരിട്ട് ശമ്പളം നൽകുകയോ ചെയ്യുന്നില്ല. ക്ഷേത്രജീവനക്കാരെ നിയമിക്കുന്നതും അവർക്ക് ശമ്പളം നൽകിവരുന്നതും അതാത് ട്രസ്റ്റിമാരും ക്ഷേത്രഭരണാധികാരികളുമാണ്. മലബാർ ദേവസ്വം ബോർഡിനു കീഴിലുള്ള സാമ്പത്തിക ഭദ്രതയുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് കൃത്യമായി ശമ്പളം ലഭിക്കുന്നുണ്ട്. വരുമാനം കുറഞ്ഞ ക്ഷേത്രങ്ങളിലെ ജീവനക്കാർക്കും ശമ്പളം നൽകുന്നതിനായി സർക്കാർ ചെറിയൊരു ധനസഹായം നൽകി വരുന്നുണ്ട്. എന്നാൽ ഇത് സർക്കാരിന്റെയോ, മലബാർ ദേവസ്വം ബോർഡിന്റെയോ നിയമപരമായ ബാദ്ധ്യതയല്ല. ഒരു വിഭാഗം ജീവനക്കാർക്ക് ശമ്പളം മുടങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഇത് പരിഹരിക്കുന്നതിന് സർക്കാർ ആവശ്യമായ നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്.

ദേവസ്വം ബോർഡിലെ നിയമനം പി.എസ്.സി.ക്കുവിട്ട നടപടി

106 (2315) ശ്രീ. ജി. സുധാകരൻ :
ശ്രീ. ബി. സത്യൻ :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേവസ്വം ബോർഡിന്റെകീഴിലുള്ള സ്ഥാപനങ്ങളിലേയ്ക്കുള്ള നിയമനം പി.എസ്.സി.-ക്കുവിട്ട മുൻ സർക്കാരിന്റെ നിയമം റദ്ദാക്കാനുള്ള കാരണം വ്യക്തമാക്കുമോ ;

(ബി) മലബാർ ദേവസ്വം ബോർഡ് രൂപീകരിക്കുന്നതിനു മുമ്പ് എച്ച്.ആർ. ആന്റ് സി.ഇ.ക്ക്കീഴിലുള്ള നിയമനങ്ങൾ പി.എസ്.സി. മുഖേന നടത്തിയിരുന്നതിനാൽ എന്തെങ്കിലും നിയമ തടസ്സമോ പോരായ്മയോ ഉണ്ടായിരുന്നുവോ ;

(സി) ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിച്ച് ഉത്തരവിറക്കിയോ ; എങ്കിൽ അതിന്റെ പകർപ്പ് സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ ;

(ഡി) ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് മുഖേനയുള്ള നിയമനത്തിനുവേണ്ട സ്പെഷ്യൽ റൂൾസ് രൂപീകരിച്ചോ ; അതിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിലെ അഴിമതികളെക്കുറിച്ച് അന്വേഷിക്കുവാൻ 2007-ൽ ബഹു.ഹൈക്കോടതി നിയോഗിച്ച ജസ്റ്റിസ് പരിപൂർണ്ണൻ കമ്മീഷന്റെ റിപ്പോർട്ടിൽ കേരളത്തിലെ ദേവസ്വം ബോർഡുകൾക്ക് വേണ്ടി ഒരു ഏകീകൃത ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വേണമെന്ന് ശുപാർശ ചെയ്തിരുന്നു. ഈ റിപ്പോർട്ടിലെ നിർദ്ദേശങ്ങളോട് യോജിക്കുന്നുവെന്ന് അന്നത്തെ സർക്കാരും ദേവസ്വം ബോർഡും ഹൈക്കോടതിയെ അറിയിക്കുകയും 25-8-2008-ലെ വിധിന്യായത്തിൽ കോടതി അത് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഒരു സെക്കുലർ സ്ഥാപനമായ പി.എസ്.സി. ഹിന്ദുമത സ്ഥാപനങ്ങളായ ദേവസ്വം ബോർഡുകളിലേയ്ക്ക് അപേക്ഷക്ഷണിച്ച് സെലക്ഷൻ നടത്തുന്നതിലെ അനൗചിത്യവും സർക്കാർ പരിഗണിച്ചിരുന്നു. ഇതിന്റെയെല്ലാം അടിസ്ഥാനത്തിലാണ് ദേവസ്വം നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടുകൊണ്ടുള്ള നിയമം റദ്ദ് ചെയ്ത് ഏകീകൃത ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കാൻ സർക്കാർ നടപടി സ്വീകരിച്ചത്.

(ബി) സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) 13-3-2015-ലെ സ.ഉ.(പി)നമ്പർ 104/2015/ആർഡി (എസ്.ആർ.ഒ. 125/2015) നോട്ടിഫിക്കേഷൻ അനുസരിച്ച് ചെയർമാനെയും അംഗങ്ങളെയും നാമനിർദ്ദേശം ചെയ്ത് സർക്കാർ ഉത്തരവായിട്ടുണ്ട്.

(ഡി) റൂൾസ് രൂപീകരിച്ചിട്ടുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

തവനൂർ മിനിപമ്പ വികസന പ്രവർത്തനം

107 (2316) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തവനൂർ മണ്ഡലത്തിലെ മിനിപമ്പയെ ശബരിമല തീർത്ഥാടകരുടെ ഇടത്താവളമായി പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നോ ;

(ബി) എങ്കിൽ ഇതിന്റെ അടിസ്ഥാന വികസന പ്രവർത്തനത്തിനായി എന്തെങ്കിലും സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ നൽകുന്ന കാര്യം പരിഗണിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.